# ഞാറ്റുഞാല

## ഞങ്ങൾ സംഘടിതരല്ല, പക്ഷേ, ശബ്ദമുണ്ട്

**തൊ**ടാൻ പാടില്ലാത്ത, വിമർശിക്കാൻ പാടില്ലാത്ത, രണ്ടു വികാരങ്ങൾ ഇവിടെയുണ്ട്. ഒന്ന് മതവികാരം, രണ്ട് തൊഴിൽ വികാരം. ഇവയെ തൊട്ടുപോയാൽ ചീറ്റും, മാന്തിക്കീറും, പിന്നെ കൊന്നുതിന്നും. അടുത്ത കാലത്ത് അസംഘടിതരുടെ ദീനരോദനം ചാലിയാറിലും പെരിയാറിലും ചിത്രപ്പുഴയിലുമെല്ലാം തട്ടി പ്രതിധ്വനി സൃഷ്ടിച്ചപ്പോൾ സ്വന്തം യൂണിയനുകൾക്കുവേണ്ടിമാത്രം ശ്രവണ സഹായി ഉപയോഗിക്കുന്ന നേതാക്കൾ അത് കേട്ടില്ലെങ്കിൽ കുറ്റം ചെയ്തത് വാദികൾതന്നെയാണ്.

ഹൈക്കോടതി വിധി പുകവലി നിരോധിച്ചപ്പോൾ തൊഴിലാളികളെ കൊണ്ട് കോടതിയിലേക്ക് മാർച്ച് നടത്തിയിരുന്ന നേതാക്കന്മാരുള്ള നാട്ടിൽ, പുകവലി നിരോധനം അതികർശനമായി പാലിക്കേണ്ടെന്ന് മുഖ്യമന്ത്രി ഉത്തരവിടുന്ന നാട്ടിൽ നിഷ്കാമ പുകവലിക്കാർ ഇനി ആരോടാണ് പരാതിപ്പെടേണ്ടത്? തൊഴിൽ എത്രയധികം സമൂഹദ്രോഹപരമായാലും ഉള്ള തൊഴിലിനെ ഇല്ലാതാക്കുന്ന ഒരു നിയമവും കൊണ്ടുവരാൻ പാടില്ല, കൊണ്ടുവന്നാൽ എതിർക്കും ഇതാണ് സർക്കാർ നിലപാട്.

ഞങ്ങൾ ഉണ്ടാക്കാത്ത പുക ഞങ്ങൾക്ക് വേണ്ട. അതുകൊണ്ട് പുകവലി നിരോധം നടപ്പാക്കണം. ഞങ്ങൾ വേല ചെയ്ത് ഉണ്ടാക്കാത്തപണം ഞങ്ങൾക്കു വേണ്ട. അതുകൊണ്ട് ലോട്ടറി നിരോധിക്കണം എന്ന് പറയുന്നത്. എരിയുന്നതോ കത്തിക്കത്തി ഇറങ്ങുന്നതോ കുളിരുന്നതോ ആയ പാനീയങ്ങൾ ഞങ്ങൾക്കു വേണ്ട. അതുകൊണ്ടാണ് ചൂടുള്ള വിദേശിയും ചൂടും തണുപ്പുമുള്ള സ്വദേശിയും നിരോധിക്കാൻ ആവശ്യപ്പെടുന്നത്. ഞങ്ങൾക്ക് കഞ്ഞിവെള്ളമോ, പ്രകൃതിയുടെ ദാനമായ പച്ചവെള്ളമോ, ഇളനീരോ കുടിച്ച് ഞങ്ങൾ ദാഹശമനം നടത്തിക്കൊള്ളാം. ഞങ്ങളുടെ സ്വൈരമായ ഉറക്കം കെടുത്തുന്ന മാനസിക വിശ്രാന്തി ഉണ്ടാക്കുന്ന ഞങ്ങളുടെ മക്കളുടെ പഠനത്തിന്റെ ഏകാഗ്രത നശിപ്പിക്കുന്ന, രോഗികളുടെ ശാന്തത നശിപ്പിക്കുന്ന എല്ലാവിധ അമിത ശബ്ദങ്ങൾക്കെതിരേ കോടതിവിധിയുണ്ടായിട്ടും മതത്തിന്റേയോ തൊഴിലിന്റേയോ മുഷ്കിൽ ഞങ്ങളെ പീഡിപ്പിക്കുന്നവർക്കെതിരായി ഞങ്ങൾക്ക് സംഘടിക്കേണ്ടിയിരിക്കുന്നു.

പൗരന്റെ ആരോഗ്യം സംരക്ഷിക്കുക എന്നുള്ളത് സർക്കാരിന്റെ കടമയാണ് എന്ന് സർക്കാരിന് തോന്നുന്നതുവരെ ഞങ്ങൾ ഒച്ചവച്ചുകൊണ്ടേയിരിക്കും. 50 കൊല്ലത്തെ ജനാധിപത്യഭരണക്രമത്തിൽനിന്ന് ഞങ്ങൾക്ക് ഒരു കാര്യം മനസിലായി, തൊഴിൽ വികാരത്തിനും മതവികാരത്തിനും വഴങ്ങുന്ന സർക്കാരുകളാണ് ഇവിടെ മാറി മാറി വന്നുകൊണ്ടിരിക്കുന്നത് എന്ന്. ഇതിനെ ചുറ്റിപ്പറ്റിയുള്ള വോട്ടു ബാങ്കുകളാണ് നിങ്ങളെ അധികാരത്തിൽ കയറ്റുന്നത് എന്ന്. ഞങ്ങളുടെ ഗ്രാമത്തിന്റെ കാര്യം ഞങ്ങൾക്കുതന്നെ തീരുമാനിക്കുന്ന, എല്ലാവരുടെയും കാര്യങ്ങൾ ഒരുപോലെ നിർവഹിക്കുന്ന എല്ലാവരോടും ഒരുപോലെ നീതിപുലർത്തുന്ന ഒരു ഗ്രാമസ്വരാജ് ഭരണക്രമം നിലവിൽവരുന്നതുവരെ ഞങ്ങൾ ഇപ്പോഴത്തെ അനീതികൾക്കെതിരേ ഒച്ചവെച്ചുകൊണ്ടേയിരിക്കും.

-പീപ്പി